**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1286

13.06.2013-ൽ
മറുപടിയ്ക്ക്

കൽപ്പറ്റ ടൗണിലെ ഗതാഗതക്കുരുക്ക്

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| --- | --- |
| (എ) കൽപ്പറ്റ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതു സംബന്ധിച്ച് നഗരസഭാ ചെയർമാന്റെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്, കൽപ്പറ്റ ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കൽപ്പറ്റ നഗര സഭയുടെ കീഴിലുള്ള മൂന്ന് റോഡുകൾ ഏറ്റെടുത്ത് ബി.എം. & ബി.സി. രീതിയിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൽപ്പറ്റ നഗരസഭാ ചെയർമാന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത നിവേദനത്തിൽ പറയുന്ന റോഡുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൽപ്പറ്റ പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ച ശേഷം ഇക്കാര്യം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ